23
മെയ് 2013
വ്യാഴാഴ്ച
മാതൃഭൂമി
കാഴ്ച
വടക്കേമലബാറിന്റെ സ്വന്തം



അലോപ്പതി ഡോക്ടറാണ് നരഹരി. ആയുർവേദത്തെയും ഹോമിയോപ്പതിയെയും തള്ളിപ്പറയാൻ അദ്ദേഹത്തെ കിട്ടില്ല. അത് ചികിത്സകൻെറ ഇടംവലം കൈകളാണെന്നാണ് സ്വന്തം പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അദ്ദേഹം ലോകത്തെ പഠിപ്പിക്കുന്നത്. മന്തിന് നരഹരിയുടെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത സംയോജിത ചികിത്സ ലോകപ്രസിദ്ധമാണ്. അതിനൊപ്പം എയ്ഡ്സ് രോഗികളുടെ സ്വാന്തന പരിചരണത്തിലും ബോധവത്കരണത്തിലും നരഹരി സജീവമാണ്. രാപകലില്ലാതെ ഓടിനടന്ന് പണിയെടുത്ത ഡോക്ടർക്കുമുന്നിൽ വൃക്കരോഗം വെല്ലുവിളിയുമായെത്തി. എല്ലാം തീർന്നെന്ന് കരുതിയ ആ അവസ്ഥയിൽനിന്ന് അദ്ദേഹം വീണ്ടും സ്വന്തം ജീവിതം തിരിച്ചുപിടിച്ചിരിക്കുകയാണ്.

# നരഹരിയുടെ പുനർജന്മം

■ കെ.രാജേഷ്കുമാർ

എല്ലാ വഴികളും അടഞ്ഞെന്ന് കരുതിയതായിരുന്നു. ഒടുവിൽ പിടികിട്ടിയത് സൗഹൃദത്തിൻെറ സൈബർ വള്ളിക്കുടിലിൽ. മരണത്തിലേക്ക് വിധി ചൂണ്ടിക്കാട്ടിയ വഴിയിൽനിന്ന് ലോകമാകെ പരന്നുകിടക്കുന്ന സുഹൃത്തുക്കളുടെ കൈ മുറുക്കിപ്പിടിച്ച് ഡോ. നരഹരി ജീവിതത്തിലേക്ക് തിരിച്ചുനടക്കുകയായിരുന്നു. ആയുർവേദവും അലോപ്പതിയും ഹോമിയോപ്പതിയും സംയോജിപ്പിച്ച് ചികിത്സയുടെ വേറിട്ട വഴികളിലൂടെ സഞ്ചരിച്ച് മന്ത്, എയ്ഡ്സ് രോഗികൾക്ക് സാന്ത്വനമേകുന്ന കാസർകോട്ടെ ഡോ. നരഹരിയുടെ ജീവിതം അദ്ദേഹത്തെ അറിയുന്നവർക്കും വൈദ്യശാസ്ത്രത്തിനും ഇന്നും അത്ഭുതമാണ്.

2009. നരഹരിക്കും കുടുംബത്തിനും അദ്ദേഹത്തോടൊപ്പം ജോലിചെയ്യുന്നവർക്കും മറക്കാനാകാത്ത വർഷമാണത്. പുതിയ വർഷം പിറന്നതോടെ നരഹരിക്ക് ശാരീരികാസ്വസ്ഥതകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. സുഹൃത്ത് ഡോ. ജയദേവ് കങ്കിലയെ കണ്ടു. കാസർകോട്ടെ സ്വകാര്യ ആസ്പത്രിയിൽ ആദ്യ രക്തപരിശോധന. ഫലത്തിൽ കണ്ണോടിച്ച കങ്കില നരഹരിയെ വിദഗ്ധ പരിശോധനയ്ക്ക് മംഗലാപുരത്തെ പ്രമുഖ മെഡിക്കൽ കോളേജ് ആസ്പത്രിയിലേക്ക് അയച്ചു.

മെഡിക്കൽ കോളേജിലെ പരിശോധനാഫലം നരഹരിയെ അക്ഷരാർഥത്തിൽ ഞെട്ടിച്ചു. രണ്ട് വൃക്കകളും ഉപയോഗശൂന്യമായിരിക്കുന്നു. ഉടൻ അത് മാറ്റിവെക്കണം. ഇല്ലെങ്കിൽ ജീവൻ നിലനിർത്താനാവില്ലെന്ന് മുന്നറിയിപ്പ്. മെഡിക്കൽ പാഠങ്ങൾ പകർന്നുകൊടുത്ത മുതിർന്ന പ്രൊഫസർമാരും റിപ്പോർട്ടുകൾ പരിശോധിക്കാനെത്തി. മനസ്സും ശരീരവും തളർന്ന് ആസ്പത്രിയിൽ കിടക്കുന്ന പ്രിയശിഷ്യനോട് ഒന്നും മറച്ചുവെക്കാതെ അവർ പറഞ്ഞു: വൃക്ക മാറ്റിവെക്കണം, മുന്നിൽ മറ്റു വഴികളൊന്നും ഇല്ല.

ശരീരത്തിൽ കത്തിവെക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ മുന്നിലുള്ളത് ദിവസങ്ങൾമാത്രം. പത്തുദിവസത്തെ ആസ്പത്രിവാസത്തിനുശേഷം നരഹരിയും ഭാര്യ ഡോ. കെ.എസ്.പ്രസന്നയും കാസർകോട്ടേക്ക് തിരിച്ചുവന്നു. അപ്പോഴേക്കും മാറ്റിവെക്കാനുള്ള വൃക്കയ്ക്കുവേണ്ടിയുള്ള അന്വേഷണം നരഹരിയുടെ ബന്ധുക്കളും സുഹൃത്തുക്കളും പലവഴിയിൽ തുടങ്ങിയിരുന്നു.

വൃക്കയിലെ കോശങ്ങൾ മരിച്ചെന്നുള്ള റിപ്പോർട്ടുമായി സ്വന്തം സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമറ്റോളജിയിലെ(ഐ.എ.ഡി.) സഹപ്രവർത്തകൻ ഡോ. കെ.എസ്. ബോസ് ലണ്ടനിലേക്ക് പോയി. ഓക്സ്ഫോഡ് സർവകലാശാലയിലെ ലോകപ്രശസ്ത ചർമരോഗ വിദഗ്ധൻ പ്രൊഫ. ടെറൻസ് ജെ.റയാന് റിപ്പോർട്ട് കൈമാറി. അദ്ദേഹം അത് ലണ്ടനിലെ സുഹൃത്തുക്കളുമായിച്ചേർന്ന് പരിശോധിച്ചു. റയാൻ, ഗുജറാത്തിലെ ആയുർവേദ കോളേജ് ഡീൻ ഡോ. ഭഗേൽ, ഐ.സി.എം.ആർ. മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ നന്ദിനികുമാർ, കേന്ദ്ര ആയുഷ് ഡിപ്പാർട്ട്മെൻറ് ജോയിൻറ് അഡ്വൈസർ ഡോ. മനോജ് നാസറി തുടങ്ങി ആരോഗ്യരംഗത്തെ പതിനെട്ട് വിദഗ്ധർ മണിക്കൂറുകളോളം ഓൺലൈനിൽ നരഹരിയുടെ രോഗം ചർച്ചചെയ്തു.

മോസ്കോയിലെ കാർഡിയോളജിസ്റ്റും ആന്ധ്ര സ്വദേശിയുമായ രവിശങ്കർ പോളിസ് ഷെട്ടി മംഗലാപുരത്തും കാസർകോട്ടും നരഹരിയെ പരിശോധിക്കാൻ മാത്രമായി എത്തി. അപ്പോഴേക്കും നരഹരിയുടെ ശ്വാസകോശത്തിൽ ക്ഷയത്തിൻെറ അണുക്കൾ കുടിയേറിയിരുന്നു. മംഗലാപുരത്തെ മെഡിക്കൽ കോളേജുമായി ഡോക്ടർമാർ വീണ്ടും ബന്ധപ്പെട്ടു. വൃക്ക മാറ്റിയാൽ മാത്രമേ ക്ഷയത്തിനെതിരെയുള്ള ചികിത്സ തുടങ്ങാനാകൂ എന്നായിരുന്നു മെഡിക്കൽ കോളേജിൻെറ തീരുമാനം.

പരമപ്രധാനമായ തീരുമാനം കൈക്കൊള്ളാനുള്ള നിമിഷം . മെഡിക്കൽ കോളേജിൻെറ നിർദേശങ്ങൾ പൂർണമായും അവർ നിരസിച്ചു. ഇ മെയിലിലൂടെ സുഹൃത്തുക്കൾ നല്കിയ നിർദേശങ്ങൾക്കനുസരിച്ച് ചികിത്സ തുടരാനും അവർ ഒന്നിച്ചിരുന്ന് തീരുമാനിച്ചു. വൃക്കയിലെ മൃതകോശങ്ങളെ ഉണർത്താൻ ആയുർവേദ ചികിത്സ തുടങ്ങി. ശ്വാസകോശത്തിലെ ക്ഷയത്തിൻെറ അണുക്കളെ തുരത്താൻ അലോപ്പതി ചികിത്സയും തുടങ്ങി. നരഹരി മന്തിനെതിരെ പ്രയോഗിച്ച സംയോജിത ചികിത്സ സ്വന്തം ശരീരത്തിലും വിധി പരീക്ഷിച്ചു.

ഡോ. ജയദേവ കങ്കില



**ഡോ. നരഹരി ഭാര്യ ഡോ. കെ.എസ്.പ്രസന്നയ്യോപ്പം**

**ചിത്രം:എൻ.രാമനാഥ പൈ**

യാണ് അതിന് നേതൃത്വംനല്കിയത്. ദിവസങ്ങൾക്കുള്ളിൽത്തന്നെ ചികിത്സയുടെ ഫലം കണ്ടുതുടങ്ങി.

മംഗലാപുരത്തെ ചികിത്സയ്ക്കിടെ കഴിച്ച മരുന്നിനെത്തുടർന്ന് മുഖത്തും കാലിലും നീർവീക്കമുണ്ടായിരുന്നു. പുതിയ ചികിത്സയിലൂടെ അത് കുറഞ്ഞു. സന്ധികളുടെ വേദന മാറിത്തുടങ്ങി. നടക്കാൻ ഊന്നുവടിയുടെ സഹായം വേണ്ടെന്നായി. ക്ഷയത്തിനുള്ള ചികിത്സ ഫലിച്ചുതുടങ്ങിയതോടെ വൃക്കയുടെ പ്രവർത്തനം സാധാരണനിലയിലേക്ക് വന്നു. അതിൻെറ സൂചനയായി രക്തത്തിൽ ക്രിയാറ്റിനിൻെറ അളവും കുറഞ്ഞു. തുടക്കത്തിൽ 6.7 ആയിരുന്നു ക്രിയാറ്റിൻ. അത് 2.4ലേക്ക് കുറഞ്ഞു. പിന്നീട് 1.4 എന്ന സാധാരണ നിലയിലും എത്തി. ഇപ്പോഴും നരഹരി വൃക്കയെ ഉണർത്തിയെടുക്കാൻ ആയുർവേദം തുടരുന്നു.

മകന് മാരക രോഗം പിടിച്ച വിവരമറിഞ്ഞ് നരഹരിയുടെ അമ്മ രത്നവേണി പറഞ്ഞു: 'അവൻെറ സേവനം ഈ നാടിന് വേണം. അതിന് അവൻ ചികിത്സിച്ച രോഗികളെല്ലാം പ്രാർഥിക്കും. ആ പ്രാർഥന ദൈവം കേൾക്കാതിരിക്കില്ല. അവൻ തിരിച്ചുവരും'. ആ അമ്മയുടെ വിശ്വാസം ജയിച്ചു.

നാടിൻെറ പ്രാർഥന ദൈവം കേട്ടുവെന്നുതന്നെയാണ് നരഹരിയും കരുതുന്നത്. രോഗവിവരമറിഞ്ഞ് കാണാനെത്തിയ ഹിന്ദു സുഹൃത്തുക്കളുടെ കൈയിൽ നരഹരിക്കുവേണ്ടി വിവിധ ക്ഷേത്രങ്ങളിൽ പ്രാർഥിച്ച് വാങ്ങിയ പ്രസാദമായിരുന്നു. മുസ്‌ലിങ്ങൾ പലരും വിശ്വാസം കലർത്തിയ തീർഥവുമായി എത്തി. ക്രിസ്ത്യാനികൾ പള്ളികളിൽ പ്രത്യേക പ്രാർഥനകൾ നടത്തി. ആരും തൊടാനറയ്ക്കുന്ന മന്തുകാലുമായി ഐ.എ.ഡി.യിൽ ചികിത്സയ്ക്കെത്തി ജീവിതത്തിലേക്ക് തിരിച്ചുനടന്ന ആയിരങ്ങൾ അവശനായിക്കിടന്ന ഡോക്ടറുടെ കാലിൽ പിടിച്ച് കണ്ണീരൊഴുക്കി. എല്ലാം അറിയുന്നവർ ഇതും തിരിച്ചറിയുകയായിരുന്നു. എല്ലാം മറന്നുള്ള സ്നേഹത്തിൽനിന്നൂറിവരുന്ന കണ്ണീർ ഏത് ദൈവത്തിൻെറ കരളാണ് അലിയിക്കാതിരിക്കുക. ദൈവം നിശ്ചയം തിരുത്തിയെഴുതി. നരഹരിയുടെ ആയുസ്സ്പുസ്തകത്തിൻെറ താളുകൾ നീളുകയാണ്.

ഭർത്താവിൻെറ ജീവൻ അപകടത്തിലാവുന്ന രോഗത്തെക്കുറിച്ച് കേട്ടാൽ ഏത് ഭാര്യയും ഒന്ന് പതറിപ്പോകും. എന്നാൽ, കരഞ്ഞുകളയേണ്ട സമയമല്ല മുന്നിലുള്ളതെന്ന് ഡോക്ടർകൂടിയായ പ്രസന്നയ്ക്ക് ആരും പറഞ്ഞുകൊടുക്കേണ്ടിവന്നില്ല. മറ്റെന്തിനെക്കാളും വിലമതിക്കുന്ന ഭർത്താവിൻെറ ജീവനുവേണ്ടി എല്ലാം മറന്ന് അവർ തണലൊരുക്കി. നരഹരിക്കായി മൃതസഞ്ജീവനി തിരഞ്ഞ സുഹൃത്തുക്കൾക്കൊപ്പം പ്രസന്നയും ഉറക്കമൊഴിച്ച് പ്രാർഥനയുമായി നിന്നു. പണം സമ്പാദനം മാത്രമല്ല ജീവിതം എന്ന് നരഹരി അടിവരയിട്ട് പറയുന്നു. ജീവിതം മറ്റെന്തൊക്കെയോ ആണെന്ന് തെളിയിക്കാനാണ് ഇത്തരം പരീക്ഷണങ്ങൾ എന്നും അദ്ദേഹം പറയുന്നു.

കൂട്ടായ ചർച്ചയിലൂടെ തക്കസമയത്ത് ഏറ്റവും അനുയോജ്യമായ തീരുമാനം കൈക്കൊള്ളാനായതാണ് നരഹരിയുടെ പുനർജന്മത്തിൻെറ രഹസ്യം. കാസർകോട് നഗരത്തിലെ സ്വന്തം ത്വഗ്രോഗ ക്ലിനിക്കിലും മന്തുചികിത്സയ്ക്ക് മാത്രമായി സ്ഥാപിച്ച മധൂർ ഉളിയത്തടുക്കയിലെ ഐ.എ.ഡി.യുടെ ആസ്ഥാനത്തും ഇന്ന് നരഹരി ഓടിനടന്ന് ജോലിചെയ്യുന്നു. ആരും കടന്നുവരാൻ അറയ്ക്കുന്ന വഴിയിലൂടെയാണ് നരഹരി നടക്കുന്നത്. അത് ദൈവം കാണാതിരിക്കുന്നതെങ്ങനെ?